**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1853** **11-10-2024 - ൽ മറുപടിയ്ക്ക്**

**ആംബുലൻസുകളുടെ ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആംബുലൻസുകളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ; | (എ) | 9134 |
| (ബി) | ചികിത്സാ സംബന്ധമായി ആശുപത്രികളിലേക്കും മറ്റ് ആതുര സേവന പ്രവർത്തനങ്ങൾക്കും ദുരന്തനിവാരണ ആവശ്യങ്ങൾക്കുമല്ലാതെ മറ്റ് എന്തെല്ലാം ആവശ്യങ്ങൾക്ക് ആംബുലൻസുകൾ ഉപയോഗിക്കാൻ നിയമം അനുവദിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | മറ്റ് ആവശ്യങ്ങൾക്ക് ആംബുലൻസുകൾ ഉപയോഗിയ്ക്കുന്നത് നിയമപ്രകാരം അനുവദനീയമല്ല |
| (സി) | സ്വകാര്യ യാത്രകൾക്ക് ആംബുലൻസുകൾ ഉപയോഗിക്കുകയാണെങ്കിൽ സ്വീകരിക്കുന്ന നിയമ നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (സി) | കേന്ദ്ര മോട്ടോർ വാഹന ചട്ടം 108 പ്രകാരവും, 1988 ലെ മോട്ടോർ വാഹന നിയമത്തിന്റെ 192 എ വകുപ്പ് പ്രകാരവും കുറ്റകൃത്യത്തിന്റെ തീവ്രത അനുസരിച്ച് സെക്ഷൻ 53 പ്രകാരവും നടപടികൾ സ്വീകരിക്കുകയും അഡീഷണൽ ടാക്സ് ഈടാക്കുകയും വാഹനം നിയമാനുസൃതം കസ്റ്റഡിയിൽ എടുത്ത്, കുറ്റകൃത്യത്തിന് ആനുപാതികമായി കുറ്റപത്രം തയ്യാർ ചെയ്ത് പിഴ അടപ്പിക്കുകയും രജിസ്ട്രേഷൻ, ഫിറ്റ്നസ് എന്നിവ സസ്പെൻഡ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികളും സ്വീകരിക്കുന്നതാണ്. |
| (ഡി) | സംസ്ഥാനത്ത് സ്വകാര്യ യാത്രകൾക്ക് ആംബുലൻസ് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികളുടെ എണ്ണവും വിശദവിവരവും ലഭ്യമാക്കാമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ